**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1714** **29-09-2025 - ൽ മറുപടിയ്ക്ക്**

**ആനാട് ഗ്രാമപഞ്ചായത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഗ്രാമം പദ്ധതി നടപ്പാക്കിയതിലൂടെ വാമനപുരം മണ്ഡലത്തിലെ ആനാട് ഗ്രാമപഞ്ചായത്തിന് എന്ത് പുരോഗതിയാണ് ഇതുവരെ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | **കേരകൃഷിമേഖലയിലെ സമഗ്ര വികസനം ലക്ഷ്യമാക്കി ആനാട് ഗ്രാമ പഞ്ചായത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ 3 വർഷ പദ്ധതിയായ കേരഗ്രാമം 2021-22 വർഷമാണ് ആരംഭിച്ചത്.**<br><br>**ആകെ 76.17 ലക്ഷം രൂപ പദ്ധതിയിനത്തിൽ പഞ്ചായത്തിലെ കേരകൃഷിമേഖലയിൽ ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിലെ വിവിധമേഖലകളിലായി ആയിരത്തിലധികം ഗുണഭോക്തൃ കർഷകരെ തിരഞ്ഞെടുത്തുകൊണ്ട് 43,750 എണ്ണം തെങ്ങുകളുടെ സമ്പൂർണ്ണമായ പരിചരണം ഉറപ്പുവരുത്തിക്കൊണ്ട് നാളികേര ഉത്പാദന രംഗത്ത് മുന്നേറ്റം കൈവരിക്കാൻ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. നാളികേര കർഷകരെ സംഘടിപ്പിച്ച് പഞ്ചായത്ത് തലത്തിൽ കേരസമിതി രൂപീകരിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. പദ്ധതി കാലയളവായ മൂന്ന് വർഷങ്ങൾക്കിപ്പുറവും കേരസമിതിയുടെ പ്രവർത്തനങ്ങൾ സജീവമായി നടന്നുവരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായിത്തന്നെ കേരസമിതിയ്ക്ക് നാളികേര മൂല്യവർദ്ധനവിനും തെങ്ങിൻതൈ ഉല്പാദനത്തിനും ജൈവവള നിർമ്മാണത്തിനുമായുള്ള സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ട്. ഈ ഉല്പന്നങ്ങളുടെ മാർക്കറ്റിങ്ങിനായി കേരസമിതിയുടെ നേതൃത്വത്തിൽ ഒരു വിപണന ഔട്ട് ലെറ്റും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.**<br><br>**കേരസമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ സർവ്വേ നടത്തി നാളികേരകൃഷിയുടെ അവസ്ഥ വിലയിരുത്തിയ ശേഷം അതിൽ പ്രകാരം ആക്ഷൻ പ്ലാൻ രൂപീകരിച്ച് ആണ് 3 വർഷങ്ങളിലും വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളത്.** |

രോഗബാധയുള്ളതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തെങ്ങിൻതൈ നട്ടുപിടിപ്പിക്കുക, തെങ്ങിന് തടം എടുക്കുന്നതിനുള്ള സഹായം, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായ വസ്തുക്കൾ, രാസവളം, ജൈവവളം, സൂക്ഷ്മമൂലകവളങ്ങൾ എന്നിവയുടെ വിതരണം, തെങ്ങിൻ തോപ്പുകളിൽ ഇടവിള കൃഷിപ്രോത്സാഹനം, തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്നതിനുള്ള സഹായം, തെങ്ങിൻതടത്തിൽ തൊണ്ടടുക്കൽ, തെങ്ങിലെ രോഗ കീട നിയന്ത്രണത്തിനുള്ള സഹായം, കർഷകരുടെ ബോധവൽക്കരണ ക്യാമ്പയിനുകൾ, തെങ്ങ് കയറ്റയന്ത്രങ്ങൾ വാങ്ങുന്നതിന് സബ്സിഡി, ജലസേചനകിണർ നിർമ്മാണത്തിനുള്ള സഹായം, സൂക്ഷ്മ ജലസേചനത്തിന് സബ്സിഡി, പമ്പ്സെറ്റ് വിതരണം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ജനകീയ പിന്തുണയോടുകൂടി പദ്ധതി കാലയളവിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

മൂന്നു വർഷത്തെ കേരഗ്രാമ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ താഴെ പറയുന്ന നേട്ടങ്ങൾ പഞ്ചായത്തിൽ കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

തെങ്ങിന്റെ ആരോഗ്യവും ഉല്പാദനക്ഷമതയും മെച്ചപ്പെടുത്താൻ സാധിച്ചു.

തെങ്ങിലെ രോഗ-കീട നിയന്ത്രണം, തെങ്ങുകൃഷിയിലെ ശാസ്ത്രീയവിളാ പരിപാലനം, നാളികേരള മൂല്യവർദ്ധിത സാധ്യതകൾ തുടങ്ങിയ വിഷയങ്ങളിൽ കർഷകരിൽ ബോധവൽക്കരണം നടത്തുന്നതിനും രോഗ-കീടങ്ങളെ ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനും സാധിച്ചു.

കേരകർഷകരെ സംഘടിപ്പിച്ചുകൊണ്ട് കേരസമിതി രൂപീകരിച്ചു. തെങ്ങിൻതൈ ഉല്പാദനം, ജൈവവള ഉല്പാദനം, നാളികേര മൂല്യവർദ്ധനവ് എന്നിവയുടെ യൂണിറ്റുകളും നാളികേര ഉല്പന്ന വിപണന ഔട്ട് ലെറ്റും കേരസമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

കേരഗ്രാമത്തിന്റെ തുടർച്ചയായി ഗ്രാമപഞ്ചായത്ത്-ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളിൽ ഉല്പാദനക്ഷമതയുള്ള കൂടുതൽ തെങ്ങിൻതൈകൾ പഞ്ചായത്തിൽ വിതരണം ചെയ്തുകൊണ്ട് പഞ്ചായത്തിൽ തെങ്ങ് കൃഷി വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| | | | **തെങ്ങ് അടിസ്ഥാനമാക്കിയുള്ള കൃഷിയിട വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സാധ്യമായി.**<br><br>**പഞ്ചായത്തിലെ വിവിധ തെങ്ങ് കൃഷിയിടങ്ങളിൽ മുൻകാലങ്ങളിൽ ശരാശരി ഉൽപാദനക്ഷമത 30-40 തേങ്ങ/തെങ്ങ്/ വർഷം എന്ന നിലയിൽ ഉണ്ടായിരുന്നത് കേരഗ്രാമം പദ്ധതികളുടെ ഭാഗമായി ശരാശരി 55-60 തേങ്ങ/തെങ്ങ്/വർഷം എന്ന നിലയിലേക്ക് മെച്ചപ്പെടുത്താൻ സാധിച്ചത് വഴി നാളികേര കർഷകരുടെ വരുമാനത്തിൽ 10% വരെ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു.**<br><br>**തെങ്ങിൻ തോപ്പുകളിൽ ശാസ്ത്രീയ പരിപാലനം ഉറപ്പുവരുത്തുക വഴി പ്രാദേശികമായി തൊഴിൽ ദിനങ്ങളും തൊഴിൽ ലഭ്യതയും വർദ്ധിപ്പിക്കാൻ സാധിച്ചു.**<br><br>**കേര സമിതിയുടെ നേതൃത്വത്തിൽ കർഷകരിൽ നിന്നും നാളികേരം സംഭരിച്ച് വെളിച്ചെണ്ണ, ഉരുക്ക് വെളിച്ചെണ്ണ തുടങ്ങിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു .**<br><br>**ഒന്നാം വർഷ കേരഗ്രാമം പദ്ധതിയിൽ 65 പട്ടികവിഭാഗം കർഷകർ, 560 വനിതാ കർഷകർ ഉൾപ്പെടെ 1233 കർഷകർക്ക് പ്രയോജനം ലഭിച്ചു .**<br><br>**രണ്ടാം വർഷ കേരഗ്രാമം പദ്ധതിയിൽ 85 പട്ടികവിഭാഗം കർഷകർ, 435 വനിതാ കർഷകർ ഉൾപ്പെടെ 1132 കർഷകർക്ക് പ്രയോജനം ലഭിച്ചു .**<br><br>**മൂന്നാം വർഷ കേരഗ്രാമം പദ്ധതിയിൽ 50 പട്ടികവിഭാഗം കർഷകർ 450 വനിതാ കർഷകർ ഉൾപ്പെടെ 1000 കർഷകർക്ക് പ്രയോജനം ലഭിച്ചു .** |
| (ബി) | എത്ര തുകയാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി നാളിതുവരെ ചെലവാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | **കേരകൃഷി മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമാക്കി ആനാട് ഗ്രാമപഞ്ചായത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ 3 വർഷ പദ്ധതിയായ കേരഗ്രാമം 2021-22 വർഷമാണ് ആരംഭിച്ചത്.**<br><br>**ഒന്നാം വർഷം - 50.17 ലക്ഷം രൂപ**<br><br>**രണ്ടാം വർഷം - 20 ലക്ഷം രൂപ**<br><br>**മൂന്നാം വർഷം - 6 ലക്ഷം രൂപ**<br><br>**എന്നിങ്ങനെ ആകെ 76.17 ലക്ഷം രൂപ പദ്ധതിയിനത്തിൽ പഞ്ചായത്തിലെ കേരകൃഷിമേഖലയിൽ ഫണ്ട് ചിലവഴിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| (സി) | കേരകർഷകർക്കും ഗ്രാമപഞ്ചായത്തുകൾക്കും പ്രയോജനകരമായ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | കേരഗ്രാമം പദ്ധതി നടപ്പ് സാമ്പത്തിക വർഷം 74 പഞ്ചായത്തുകളിൽ പുതിയതായി നടത്തി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ കേരഗ്രാമങ്ങൾ അടുത്ത സാമ്പത്തിക വർഷം നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ